# പള്ളികഥകൾ

## മിനികഥകൾ ഇരുപത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ സാധാരണ ഒരല്പം ചിരിക്കാനുതകുന്ന കാര്യങ്ങളാണ് പറയാറുള്ളതെങ്കിലും ഇപ്പോൾ ഒരല്പം വ്യത്യസ്തമായ കാര്യമാണ് പറയുന്നത്. ഇതൊരു കുമ്പസാരരഹസ്യം പോലെയുള്ളതാണെങ്കിലും ഇത് വായിക്കുന്നവക്ക് അവരുടെ ജീവിതത്തിൽ കാര്യമായ വ്യതിയാനങ്ങൾ ഉണ്ടാക്കാൻ സാധിച്ചാൽ നല്ലതാണല്ലോ എന്ന സദ് ഉദ്ദേശത്തോടെയാണ് ഇത് എന്നെ ഏല്പിച്ചത്. അച്ചന്റെ വിശ്വസ്തതയ്ക്ക് കോട്ടം വരാത്ത വിധത്തിൽ ഞാനിവിടെ ചേക്കുകയാണ്:

# പശ്ചാത്താപം

വളരെയധികം ദീഘ്മായ സമയം ആ സ്ത്രീ കണ്ണീരോട് അച്ചന്റെ മുമ്പിൽ ആത്മതപനം ചെയ്യുകയാണ്. അവരുടെ മനസ്സിന് ഒരു സമാധാനം കിട്ടാനായി ഏറ്റവും വിശ്വസ്തനായ ഒരാളോട് എല്ലാ കാര്യങ്ങളും തുറന്നു പറയുകയാണ്.

എന്റെ ജീവിതം നശിച്ചച്ചാ; ഞാനിനി എന്തു ചെയ്യും. രാത്രിയിൽ കിടന്നാൽ ഉറക്കം വരത്തില്ല. ഒരു പേടി സ്വപ്നം പോലെ അയാൾ എന്റെ മുമ്പിൽ ചിരിച്ച മുഖവുമായി എത്തുകയായി. ഈ നശിച്ച ലോകത്ത് നിന്ന് ഞാനെന്നേക്കുമായി യാത്രയായി. നിന്റെ മുമ്പിൽ എല്ലാ രാത്രിയിലും ഞാനെത്തും; നിന്നെ പേടിപ്പിക്കാനല്ല; നിന്നെ കാണാനായി; നിന്നെ അത്രയ്ക്കു എനിക്കു ഇഷ്ടമായിരുന്നു. അത് സത്യമായിരുന്നച്ചാ; അങ്ങേക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. ഞാനെല്ലാം നഷ്ടപ്പെടുത്തി. ഇനിയും ഞാനെന്തു ചെയ്യുമച്ചാ.

ഡൽഹിയിലെ ഐ. എൻ. എ മാക്കെറ്റിൽ വെച്ചായിരുന്നു ഞങ്ങൾ ആദ്യമായി കണ്ടു മുട്ടിയത്. അത് അപ്രതീക്ഷിതമായിരുനെന്നാണ് ഞാനാദ്യം കരുതിയത്. എന്നാൽ പിന്നീട് എന്റെ മുറിയിൽ ഒന്നിച്ചു താമസിച്ചിരുന്ന മറിയം വഷങ്ങൾക്കു ശേഷം പറഞ്ഞപ്പോഴാണ് ഞാനറിയുന്നത് അവളുടെ പിൻ വേല കൊണ്ടാണ് ഞങ്ങൾ അന്ന് അപ്രതീക്ഷിതമെന്ന നിലയിൽ അവിടെ വെച്ച് കണ്ടു മുട്ടിയത്.

“ഈ മാക്കെറ്റിലെ എല്ലാം വാങ്ങിച്ചു കഴിഞ്ഞോ? ഇതെല്ലാം വാങ്ങിച്ചുകൊണ്ടു പോയാൽ വല്ലതും എനിക്കു വെച്ചു തരുമോ?”

“വന്നു നോക്ക്, അപ്പോഴറിയാം വെച്ചു തരുമോ ഇല്ലയോ എന്നപ്പോഴറിയാം.”

ആ വാക്കേൽ കേറിപ്പിടിച്ച് അയാൾ മറുപടി പറഞ്ഞു:

“അപ്പോൾ ഞാൻ വന്നാൽ വെച്ചു തരുമല്ലേ”

അപ്പോഴേക്കും നാണം വന്ന് ഓടി മറഞ്ഞു.

കൂടെയുണ്ടായിരുന്ന മറിയത്തിനോട് അയാൾ ആരെന്ന് അവൾ ആരാഞ്ഞു. കണ്ടു പിടിച്ചു പറയാമെന്നവൾ മറുപടി പറഞ്ഞു.

“എന്റെ മുറിയിൽ എന്റെ കൂടെ താമസിക്കുന്ന സുന്ദരിയും ബഹുമിടുക്കിയുമായ ഒരാളെ ഞാൻ പരിചയപ്പെടുത്താം. ഒന്നു മുട്ടിനോക്ക്, ഒരു പക്ഷേ ഒത്തു വന്നെന്നിരിക്കും.” മറിയം അവളുടെ കസിനോട് പറഞ്ഞ് അവൾ മാക്കറ്റിൽ പോകുന്ന സമയങ്ങളും ഒറ്റിക്കൊടുത്തതിന്റെ ഫലമായി അവൾ എപ്പോഴെല്ലാം അവിടെ പോകുമോ അപ്പോഴെല്ലാം അയാളെ അവിടെകണ്ടുമുട്ടുകയായി; കൊച്ചുവത്തമാനം പറയുകയായി. അയാളുടെ വത്തമാനങ്ങൾ കേൾക്കാൻ അവൾക്കിമ്പമായി. അവളുടെ മണികിലുങ്ങുംപോലത്ത ചിരി കാണാനും കേൾക്കാനും അയാൾക്ക് കൗതുകമായി. പിന്നെ കണ്ടു മുട്ടലുകൾ തുടന്നു; മാക്കറ്റിൽനിന്ന് നേഴ്സിംഗ് ഹോസ്റ്റലിന്റെ പാശ്വത്തുള്ള മരത്തണലിൽ മണിക്കൂറുകളേറെ ചിലവഴിച്ചു. അതവിടെ നിന്ന് മാറി സ്വന്തമായി താമസിക്കാൻ തുടങ്ങി. അയാളുടെ ജോലിസ്ഥലത്ത് പലവുരു പോയ അവൾക്ക് ഇത്രയും വലിയ ഒരാഫീസിലെ അതിന്റെ മുഴുവനും ഉത്തരവാദിത്വം വഹിക്കുന്ന ജനറൽ മാനേജരെ സ്വന്തമായി കിട്ടുന്നതിൽ മഹാസന്തോഷവതിയായിരുന്നു. കേവലം ഹൈസ്ക്കൂളും നേഴ്സിംഗും മാത്രം വിദ്യാഭ്യാസമുള്ള നിദ്ധന കുടുംബത്തിൽ പിറന്ന അവൾക്ക് എം. ഏ. വിദ്യാഭ്യാസമുള്ള ഇത്രയും സുന്ദരനും സാമ്പത്തിക മേന്മയുള്ള കുടുംബത്തിലേതുമായ അയാളെ കിട്ടിയത് വലിയ ഒരനുഗ്രഹമായി കരുതി. വഷങ്ങൾ പലതും പിന്നിട്ടപ്പോൾ നാല് പെൺകുഞ്ഞുങ്ങളുടെ മാതാപിതാക്കളായി അവർ തീന്നു. അപ്പോഴാണ് അമേരിക്കയിലേക്ക് നേഴ്സുമാരുടെ യാത്രാ സമയം. അവൾക്കും പോകണമെന്നായി. അയാൾക്ക് അതിനോട് തീരെ താല്പര്യമില്ലായിരുന്നു.

“എന്റെ ഇത്രയും നല്ല ജോലിയും കളഞ്ഞിട്ട് ഞാനവിടെ വന്ന് എന്തു ചെയ്യാനാണ്” അയാൾ പറഞ്ഞത് വളരെ സത്യം.

“ഇങ്ങേര് അവിടെ വന്ന് വെറുതെ ഈ പിള്ളേരേം നോക്കിക്കൊണ്ടിരുന്നാ മതി. ഞാൻ പോയ് കാശുണ്ടാക്കി കൊള്ളാം. അവൾ പറഞ്ഞതു പോലെ തന്നെ ചെയ്തു. പഠിക്കാൻ മിടുക്കിയായിരുന്ന അവൾ അവിടെ ചെന്നയുടനെ തന്നെ ആർ. എൻ പരീക്ഷാ പാസായി. എത്രയും പെട്ടന്നു തന്നെ ബി.എസ്സി നേഴ്സുമായി. രണ്ടു സ്ഥലത്ത് പന്ത്രണ്ടു മണിക്കൂർ ജോലി ചെയ്തു; കൈ നിറയെ കാശുണ്ടാക്കി. വലിയ ബംഗ്ലാവു വാങ്ങി. വില കൂടിയ രണ്ടു കാറുകൾ വാങ്ങി.

അയൾ പല സ്ഥലത്തും ജോലി അന്വേഷിച്ചു. അയാളുടെ മാന്യതയ്ക്കു പറ്റിയ ജോലിയെങ്ങും കിട്ടിയില്ല. ബാങ്ക് തുടങ്ങിയ സ്ഥലങ്ങളിൽ ജോലി കിട്ടിയെങ്കിലും നായ്ക്കിരിക്കാൻ നേരമുണ്ടോ. നായ് നടന്നാൽ ഫലമുണ്ടോയെന്ന രീതിയിലായി. അവസാനം അയാൾ അവൾ പറഞ്ഞതുപോലെ തന്നെ തീരുമാനമെടുത്തു. വീട്ടിൽ പിള്ളേരെ നോട്ടവും കഞ്ഞീം കറിം വെയ്പും. മലയാളിയുടെ എല്ലാ ഭക്ഷണങ്ങളും അവളുണ്ടാക്കുന്നതിനേക്കാൾ രുചിയായി അയാൾക്ക് പാചകം ചെയ്യാമെന്നയാൾ തെളിയിച്ചു കൊടുത്തു. അങ്ങിനെ വീട്ടിലെ ജോലികളെല്ലാം അയാൾ തന്നെ ചെയ്തു. അവൾ കഷ്ടപ്പെട്ടു ജോലി ചെയ്തുണ്ടാക്കുന്ന ഒറ്റ പെനി പോലും നഷ്ടപ്പെടുത്താതെ അയാൾ കൈകാര്യം ചെയ്തു. സാധാരണ നമ്മുടെ നാട്ടിലെ ഭവനങ്ങളിൽ ഭാര്യമാർ ഭത്താവിന് ഭക്ഷണം പാകം ചെയ്ത് മേശപ്പുറത്ത് വിളമ്പികൊടുക്കുമെങ്കിൽ ഈ വീട്ടിൽ നേരേ മറച്ചായി.

“വെറുതെ വീട്ടിൽ കുത്തിയിരിക്കുകയല്ല്യോ. ചെയ്താലെന്താ. ബാക്കിയുള്ളവർ ശരിക്കും കഷ്ടപ്പെട്ടാ പണമുണ്ടാക്കികൊണ്ടു വരുന്നത്” അവൾ കുത്തു വാക്കുകൾ പറയാൻ തുടങ്ങി. എന്തു പറഞ്ഞാലും അയാൾ ഒന്നും മറുപടി ഒരിക്കലും പറഞ്ഞില്ല. അവൾ കഴിച്ചു കഴിയുന്ന പാത്രങ്ങൾ പോലും അയാൾ ഒരു വേലക്കാരനെപ്പോലെ കഴുകി വെയ്ക്കും. അയാൾ ഒരു മിനിറ്റുപോലും വെറുതെ ഇരിക്കുകയോ ടെലിവിഷൻ കണ്ടിരിക്കുകയോ ചെയ്തിരുന്നില്ല. അയാൾക്ക് നിറയെ പണികളുണ്ടായിരുന്നു. ആ വലിയ വീട്ടിലേയും പുരയിടത്തിലേയും സകല പണികളും അയാൾ തന്നെയായിരുന്നു ചെയ്തിരുന്നത്. രാത്രി വളരെ വൈകി കിടക്കുന്നതുവെരെ അയാൾക്കവിടെ പണിയുണ്ടായിരുന്നു. പ്രായമായ പെൺമക്കൾ നാലെണ്ണമുള്ളത് ഒരെണ്ണംപോലും അയാളെ സഹായിക്കാനായി വന്നിരുന്നില്ല. അയാൾക്കതിൽ സങ്കടമൊന്നുമില്ല. കുഞ്ഞുങ്ങൾ കഷ്ടപ്പെടേണ്ടായെന്നായിരുന്നു അയാളുടെ ചിന്ത. മക്കൾ ഭക്ഷ

ണം കഴിച്ചു കഴിഞ്ഞ പാത്രങ്ങൾ അവിടെ മേശപ്പുറത്തു തന്നെ വെച്ചിട്ടു പോകും. ഒരു വേലക്കാരനെപ്പോലെ അയാൾ അതെല്ലാമെടുത്ത് കഴുകി വെയ്ക്കും. അമ്മയും മക്കളും കഴിച്ചു കഴിയുന്ന പാത്രങ്ങൾ അയാളാണ് ദിവസേന കഴുകികൊണ്ടിരുന്നത്. ഒരല്ലലും അലച്ചിലുമറിയാതെ അവരെ അയാൾ പരിചരിച്ചിരുന്നു. മക്കളുടെ ചെറുപ്രായത്തിൽ അവരെ ഒരിക്കൽ അയാൾ ശിക്ഷിക്കാൻ തുടങ്ങിയപ്പോൾ അവൾ തടുത്തു പിടിച്ചു. ''എന്റെ പിള്ളാരെ തൊട്ടുപോയേക്കരുത്. ഞാൻ പത്തുമാസം ചുമന്നു കഷ്ടപ്പെട്ടു പെറ്റതാണ്. ഇപ്പോഴും ഞാനാണ് അവക്ക് ചിലവിനു കഷ്ടപ്പെട്ടു കൊടുക്കുന്നത്.''

അവൾ എന്തെല്ലാം പറഞ്ഞാലും അയാൾ ഒരക്ഷരം മറുത്തു പറയത്തില്ല. അയാൾ ദേഷ്യപ്പെടുന്നത് അവൾ കണ്ടിട്ടില്ല. അയാൾ ദേഷ്യപ്പെടാനായി അവൾ പലതും പ്രവർത്തിച്ചും നോക്കി.

അമേരിക്കയിൽ വന്ന് ഏതാനം വർഷങ്ങൾ കഴിഞ്ഞപ്പോൾ മുതൽ അവർ തമ്മിലുള്ള ഭാര്യാഭതൃ ബന്ധത്തിനു പോലും ഉലച്ചിൽ വന്നു. അവർ രണ്ടു മുറികളിലായി കിടപ്പു പോലും. പന്ത്രണ്ടു മണിക്കൂർ കഷ്ടപ്പെട്ട് ജോലിയും കഴിഞ്ഞു വരുന്ന അവളെ പ്രയാസപ്പെടുത്തേണ്ടായെന്നയാൾ കരുതിയത് വിചാരിച്ചതിനുമപ്പുറം വിനയായി. അത്രയും അയാൾ ഒരിക്കലും പ്രതീക്ഷിച്ചില്ല. ഒരു ദിവസം ജോലി ഇല്ലാത്ത ദിവസം പോലും അവളുടെ അടുക്കൽ ചെല്ലാൻ പോലും അവൾ സമ്മതിച്ചില്ല. ''ആ പുരയിടത്തിലെല്ലാം കിടന്ന് പണി ചെയ്ത് ഇങ്ങേരുടെ ദേഹം മുഴുവനും നാറ്റമായി'' എന്നിട്ടും അയാൾക്ക് പിണക്കം തോന്നിയില്ല. അയാളായിരുന്നു അവിടുത്തെ പുല്ലു വെട്ടിയിരുന്നതും മഞ്ഞ് മാറ്റിയിരുന്നതും. കൂടാതെ ചെറിയ തോതിൽ കൃഷിയും ഉണ്ടായിരുന്നു.

അങ്ങിനെ രണ്ടു വർഷം കഴിഞ്ഞപ്പോഴാണ് അവളുടെ കൂടെ ജോലി ചെയ്യുന്ന ഒരു സായിപ്പ് ഡോക്ടർക്ക് അവളിൽ കമ്പം തോന്നിയത്. ''ഞാൻ വിവാഹിതയാണ്. പ്രായമായ മക്കളുടെ മാതാവാണ്.'' അതൊന്നും അയാൾക്ക് പ്രശ്നമല്ല. ''നിന്നെ ഞാൻ സ്വർഗ്ഗ സുഖം നൽകി സന്തോഷിപ്പിക്കും. പലവുരു അയാൾ പിറകെ കൂടിയപ്പോൾ എന്നാൽ അതു കണ്ടിട്ടു തന്നെ കാര്യമെന്ന് കരുതി ഒരു ദിവസം ജോലി കഴിഞ്ഞ് അയാളുടെ വീട്ടിൽ പോയി. അതൊരു പ്രത്യേക അനുഭവമായി അവൾക്കു തോന്നി. അയാൾ പറഞ്ഞതു പോലെ തന്നെ കാര്യങ്ങൾ. കഴിഞ്ഞ ഇരുപതു വർഷത്തോളം ഭാര്യാഭർത്താക്കന്മാരായി കഴിഞ്ഞിട്ടും അറിയാതിരുന്ന സുഖങ്ങൾ അറിയാൻ തുടങ്ങി. പാശ്ചാത്യ സമ്പ്രദായ പ്രകാരമുള്ള കാര്യങ്ങൾ അവൾക്ക് വളരെ പ്രിയമായി തോന്നി. ഭാര്യയുമായി പിണങ്ങി താമസിക്കുന്ന അയാൾക്ക് മറ്റു ബാദ്ധ്യതകളൊന്നുമില്ലായിരുന്നു. ജോലി കഴിഞ്ഞു വരുന്ന അവളെ കാത്തിരുന്ന സ്വന്തം ഭർത്താവിനോടവൾക്ക് പുഛമായി. ''എന്നെ കാത്തിരിക്കേണ്ടതില്ല. പണികൂടുതൽ ഉള്ള ദിവസം ഞാൻ താമസിച്ചേ വരികയുള്ളു.'' എന്നിട്ടും അവൾക്ക് ഭക്ഷണവും വിളമ്പി കൊടുത്തിട്ട്, അവൾ കഴിച്ചു കഴിഞ്ഞപ്പോൾ ആ പാത്രമെല്ലാം അയാൾ കഴുകി പതിവുപോലെ വെടിപ്പാക്കി വെച്ചു കൊടുത്തു.

ഡോക്ടറുടെ അടുക്കലേക്കുള്ള അവളുടെ യാത്ര തുടർകഥയായി. ആദ്യമാദ്യം അയാൾ വിളിക്കുന്നതു കാത്തിരുന്നു. പിന്നീടവൾ, വിളിക്കാതെ അങ്ങോട്ടു പോകു തുടങ്ങി. ഓരോ ദിവസവും ഓരോ പുതിയ മധുരതരമായ അനുഭവമായിരുന്നു അവൾക്ക് കിട്ടിയിരുന്നത്. അവസാനം അവൾ മദ്യലഹരിയിൽ അവളുടെ പ്രായം പോലും വകവെയ്ക്കാതെയുള്ള പ്രവർത്തികളായി. കാമലഹരിയിൽ വളരെ മൃഗീയമായി ഡോക്ടർ പെരുമാറിയതെല്ലാം അവൾക്ക് ഇമ്പമുള്ളതായി.

അന്ന് അവളുടെ അവധി ദിവസമായിരുന്നു. അവളുടെ വീട്ടിൽ വരുത്തുന്ന മലയാളം പത്രത്തിലെ ഒരു വാർത്ത കണ്ട് അവൾ അത്ഭുതപ്പെട്ടുപോയി. അവരുടെ മൂത്ത മകൾ റസിഡൻസി ചെയ്തു കൊണ്ടിരുന്നവളും ഒരു നീഗ്രോയും കൂടെ ഒന്നിച്ചു നിന്നുള്ള വിവാഹഫോട്ടോ ആയിരുന്നു അത്. അവളത് ഭർത്താവിനെ കാണിച്ചു. ''എന്തായാലും അവൾ മിടുക്കിയാണ്, നമ്മുടെ മലയാളികളെ വിവാഹം ചെയ്ത് ജീവതം നശിപ്പിച്ചില്ലല്ലോ. അവൾ ബുദ്ധിയുള്ളവളാണ്.'' അവളത്രയും പറഞ്ഞിട്ടും അയാൾ യാതൊന്നും പ്രതികരിച്ചില്ല. മക്കളെല്ലാം വളരെ ദൂരെയാണ്. അവരെല്ലാം ബാങ്കിൽ നിന്ന് പണം കടമെടുത്ത് ഡോക്ടറാകാൻ പഠിക്കുകയാണ്. അവർക്കെല്ലാം അവരുടെ രീതിയിലുള്ള, പാശ്ചാത്യ രിതിയിലുള്ള ജീവിതവുമായി ഇണങ്ങി കഴിഞ്ഞിരുന്നു. തന്മൂലം ഇപ്പോൾ വീട്ടിൽ വരിക പോലുമില്ല.

അമേരിക്കയിൽ വന്ന കാലം മുതൽ അയാൾ ഉറങ്ങുന്നതിനു മുമ്പായി ഒരല്പം മദ്യ സേവ തുടങ്ങിയിരുന്നു. എന്നാൽ ഭാര്യയുമായി വേർപിരിഞ്ഞ് കിടപ്പ് തുടങ്ങിയതു മുതൽ അതിന്റെ അളവ് കൂടി വന്നു. എന്നാൽ മൂത്ത മകളുടെ ഫോട്ടോ പത്രത്തിൽ കണ്ട ദിവസം മുതൽ മദ്യസേവയുടെ അളവ് വീണ്ടും കൂടി. ഇതിനിടയിൽ പലദിവസങ്ങളും അവളും മദ്യസേവയോടു കൂടി വരാൻ തുടങ്ങിയത് മനസ്സിലാക്കാൻ അയാൾക്ക് കഴിയാതെ വന്നു. ആർക്കും ആരേയും നിയന്ത്രിക്കാൻ കഴിയാത്തവിധം ഒരടുക്കും ചിട്ടയുമില്ലാത്ത ജീവിതമായി തീർന്നു അവരുടെ രണ്ടുപേരുടേയും ജീവിതം.

താമസംവിനാ മറ്റു മക്കളോരോന്നും യഥാക്രമം ഫിലിപ്പിനോ, മെക്സിക്കൻ, ഈജിപ്ഷ്യൻ എന്നിവരുടെ ഭാര്യമാരായി എന്ന് മാതാപിതാക്കൾ അറിഞ്ഞു. അങ്ങിനെ നാലുമക്കളും അവരുടെ യഥേഷ്ടമായ ഒരു ജീവിതമായി. അപ്പോഴും അമ്മയ്ക്ക് സ്വന്തം മക്കളെപ്പറ്റി അഭിമാനമേ തോന്നിയുള്ളു. ഇപ്പോൾ നെഹ്റു കുടുംബം പോലെയായി എന്നു പറഞ്ഞവർ സന്തോഷിച്ചു. നാലു പെൺമക്കളുണ്ടായിട്ടും ഒന്നിനു വേണ്ടി പോലും ഒരു ചെലവുമല്ലാതെ തീർന്നല്ലോയെന്ന സന്തോഷത്തിലായിരുന്നു സ്വന്തം അമ്മയുടെ കാര്യം. എന്നാൽ അതിനതിന് അയാൾ മദ്യസേവയുടെ അതിർ വരമ്പുകൾ ലംഘിച്ചു തുടങ്ങിയത് ആരുമറിഞ്ഞില്ല.

അവൾ ഇതിനോടകം നാട്ടിലേക്ക് ധാരാളമായി പണമയച്ചുകൊടുത്ത് നാട്ടിൽ അപ്പനുമമ്മയ്ക്കുമെല്ലാം താമസിക്കാൻ വലിയ ബംഗ്ലാവ് പണിതു കൊടുത്തു. അതുമൂലം അവർ സന്തോഷമായി കഴിഞ്ഞു.

''എന്റെയച്ചാ, ഒരു ദിവസം ഞാൻ പതിവുപോലെ ജോലിയും കഴിഞ്ഞ് ഡോക്ടറുടെ അടുക്കലും പോയിട്ട് നല്ലവിധം മദ്യസേവയും കഴിഞ്ഞു വീട്ടിൽ വന്നപ്പോൾ, കയറി വരുന്നിടത്ത് അയാൾ നീണ്ടു നിവർന്ന് കിടക്കുന്നു. ''വെള്ളമടിച്ച് ബോധമില്ലാതായാൽ ബാക്കിയുള്ളവർ വരുന്ന വഴിയിലേ കിടക്കാൻ സ്ഥലം കണ്ടുള്ളോയെന്നു പറഞ്ഞ് അയാളെ കാലുകൊണ്ട് ഒരു ചവിട്ടുവെച്ചു കൊടുത്തിട്ട് മുമ്പോട്ടു പോകാൻ തുടങ്ങിയപ്പോളാണ് വിവരം മനസ്സിലാക്കിയത്. പോസ്റ്റുമാർട്ടത്തിൽ കരൾ മുഴുവനും ദ്രവിച്ച അവസ്ഥയിലായിരുനെന്നും കൂടാതെ ഹൃദയസ്തംഭനവുമായിരുനെന്ന് മനസ്സിലായത്. മരിച്ചു കഴിഞ്ഞിട്ടും ഞാനാ മനുഷ്യനെ കാലുകൊണ്ട് ചവുട്ടേണ്ടി വന്നല്ലോന്നോർത്ത് എനിക്ക് സഹിക്കാൻ വയ്യാ അച്ചാ''